**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6100** **07.11.2016 ൽ മറുപടിയ്ക്ക്**

**"റബ്ബർ വിലയിടിവ് പരിഹരിക്കാൻ നടപടികൾ"**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) വിലയിടിവ് പരിഹരിക്കാൻ പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എന്തൊക്കെ നയപരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് .വ്യക്തമാക്കാമോ? | (എ)<br>യും<br>(ബി) | റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന് നടപ്പ് സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം റബ്ബർ വിലസ്ഥിരതാ ഫണ്ടിൽ നിന്നും 285 കോടി രൂപ കർഷകർക്ക് ഇതിനകം നൽകി കഴിഞ്ഞു. പദ്ധതി പ്രകാരം കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30/- രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ രണ്ട് തുറമുഖങ്ങൾ വഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തി. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപന്നങ്ങൾക്ക് ഇറക്കുമതി മൂലം വിലത്തകർച്ച ഉണ്ടാകാൻ സാധ്യത മുന്നിൽ കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**